LIBRARY ARCHIVES Kerala Legislative Assembly

എറണാകുളം-ശബരിമല സ്റ്റേറ്റ് ഹൈവേ

324 (1409) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ 2011-12-ലെ ബഡ്ജറ്റിൽ പ്രത്യേക പരിഗണന നൽകി നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച എറണാകുളം-ശബരിമല സ്റ്റേറ്റ് ഹൈവേ നിർമ്മിക്കാനായിട്ടുണ്ടോ ;

(ബി) ഇത് ഏതെല്ലാം സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഹൈവേയായിരിക്കുമെന്നാണ് ബജറ്റിൽ പറഞ്ഞിരുന്നത് ;

(സി) ഇതിനായി ബഡ്ജറ്റിൽ എന്ത് തുകയാണ് വകയിരുത്തിയിരുന്നത് ; ഹൈവേയുടെ നിർമ്മാണത്തിനായി പ്രസ്തുത തുക വിനിയോഗിച്ചിട്ടുണ്ടോ ; ഇതിനായി തുക ബജറ്റാവിൽ നിന്നും പിൻവലിക്കപ്പെട്ടിട്ടുണ്ടോ ;

(ഡി) തുടർന്നുള്ള ബഡ്ജറ്റുകളിൽ ഈ ആവശ്യത്തിന് തുക വകയിരുത്തിയിരുന്നോ ; എങ്കിൽ എത്ര ; ശബരിമല ഹൈവേക്കായി ബജറ്റാവിൽ നിന്നും ഇതിനകം പിൻവലിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) കളമശ്ശേരി-കാക്കനാട്-ചോറ്റാനിക്കര പിറവം-ഇലഞ്ഞി-മോനിപ്പള്ളി - ഉഴവൂർ - മുണ്ടുപാലം - പൊൻകുന്നം - എരുമേലി-മുക്കൂട്ടുതറ-പമ്പ എന്നീ സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഹൈവേയായിരിക്കുമെന്നാണ് ബഡ്ജറ്റിൽ പറഞ്ഞിരുന്നത്.

(സി) 2 കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയിരുന്നത്. തുകയൊന്നും വിനിയോഗിച്ചിട്ടില്ല.

(ഡി) ഇല്ല.

തിരൂർ-കമ്പളങ്ങി-എരുവല്ലൂർ-എഴുപുന്ന റോഡിന്റെ അറ്റകുറ്റപ്പണികൾ

325 (1410) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ - കമ്പളങ്ങി - എരുവല്ലൂർ - എഴുപുന്ന റോഡിന്റെ അറ്റകുറ്റപ്പണികളുടെ ടിവൈസ്ഡ് എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ടോ ; എങ്കിൽ പുതുക്കിയ എസ്റ്റിമേറ്റ് എത്ര രൂപയാണ് ; ഇതിൻമേൽ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) സഞ്ചാരയോഗ്യമല്ലാതായി മാറിയ ഈ റോഡ് പുനർ നിർമ്മിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ ?